## 15 -ാം കേരള നിയമസഭ

## 8 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6423** **20-03-2023 - ൽ മറുപടിയ്ക്ക്**

## ഇടുക്കിയിലെ കാട്ടാനശല്യം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീമതി ഉമ തോമസ്,<br>ശ്രീ. സജീവ് ജോസഫ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ഇടുക്കിയിലെ ആക്രമണകാരികളായ കാട്ടാനകളെ തുരത്തുന്നതിന് പ്രത്യേക ദൗത്യസംഘം രൂപീകരിച്ചിട്ടുണ്ടോ; | (എ) | ഇടുക്കി ജില്ലയിലെ ചിന്നക്കനാൽ, ശാന്തൻപാറ ഭാഗങ്ങളിൽ ജനവാസ മേഖലകളിൽ ഇറങ്ങി നാശനഷ്ടം ഉണ്ടാക്കുന്ന അരിക്കൊമ്പൻ എന്ന് വിളിപ്പേരുള്ള കാട്ടാനയെ മയക്കുവെടിവച്ച് പിടികൂടി കൂട്ടിലടയ്ക്കുകയോ, മറ്റൊരു സ്ഥലത്തേക്ക് മാറ്റുകയോ, ആയതിന് സാധിക്കാത്തപക്ഷം റേഡിയോ കോളർ ഘടിപ്പിച്ച് നിരീക്ഷിക്കുന്നതിനും ചീഫ് വൈൽഡ് ലൈഫ് വാർഡ³ൻ -21-02-2023-ൽ KFDHQ/1220/2023-CWW/WL1 നമ്പർ ഉത്തരവ് നൽകിയിട്ടുള്ളതും ആയത് പ്രകാരം ദൗത്യസംഘത്തെ രൂപീകരിച്ച് മുന്നൊരുക്കങ്ങൾ നടത്തി വരുന്നതുമാണ്. |
| (ബി) | ചിന്നക്കനാൽ, ശാന്തൻപാറ ഗ്രാമ പഞ്ചായത്തുകളിലെ ആക്രമണകാരികളായ ഒറ്റയാൻമാരുടെ സ്വഭാവ സവിശേഷതകൾ മനസിലാക്കിക്കൊണ്ട് അവയെ പിടികൂടാനുള്ള പ്രത്യേക നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഇടുക്കി ജില്ലയിലെ ചിന്നക്കനാൽ, ശാന്തൻപാറ ഭാഗങ്ങളിലെ മനുഷ്യ- വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനു വേണ്ടിയുള്ള സാദ്ധ്യമായ എല്ലാ നടപടികളും വനം വകുപ്പ് കൈക്കൊണ്ടുവരുന്നു. ടി മേഖലയിൽ മനുഷ്യ-വന്യമൃഗ സംഘർഷത്തിനിടയാക്കുന്ന കാട്ടാനകളെ തുടർച്ചയായി നിരീക്ഷിച്ചുവരുന്നുണ്ട്. കോട്ടയം ഹൈറെയിഞ്ച് സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ മേൽനോട്ടത്തിൽ ദൗത്യസംഘം രൂപീകരിച്ച് മുന്നൊരുക്കങ്ങൾ നടത്തിവരുന്നു. രണ്ട് റേഡിയോ കോളർ സർവ്വീസിംഗ് നടത്തുകയും, എലിഫന്റ് ക്രാൾ നിർമ്മാണം നടന്നു വരികയുമാണ്. പ്രസ്തുത മേഖലയിലെ മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനായി ഹ്രസ്വകാല പരിഹാര മാർഗ്ഗങ്ങളും, ദീർഘകാല പരിഹാര മാർഗ്ഗങ്ങളും ആവിഷ്കരിച്ചുവരുന്നു. |
| (സി) | പ്രസ്തുത ഗ്രാമ പഞ്ചായത്തുകളിലെ ആക്രമണകാരികളായ കാട്ടാനകളെ പിടികൂടുന്നതിന് | (സി) | ഇടുക്കി ജില്ലയിലെ ചിന്നക്കനാൽ, ശാന്തൻപാറ ഭാഗങ്ങളിലെ മനുഷ്യ- വന്യമൃഗ സംഘർഷം |

| | | | |
|---|---|---|---|
| | എന്തൊക്കെ മുന്നൊരുക്കങ്ങളാണ് നടത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ? | | ലഘൂകരിക്കുന്നതിനു വേണ്ടിയുള്ള സാദ്ധ്യമായ എല്ലാ നടപടികളും വനം വകുപ്പ് കൈക്കൊണ്ടുവരുന്നു. ടി മേഖലയിൽ മനുഷ്യ-വന്യമൃഗ സംഘർഷത്തിനിടയാക്കുന്ന കാട്ടാനകളെ തുടർച്ചയായി നിരീക്ഷിച്ചുവരുന്നുണ്ട്. കോട്ടയം ഹൈറെയിഞ്ച് സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ മേൽനോട്ടത്തിൽ ദൗത്യസംഘം രൂപീകരിച്ച് മുന്നൊരുക്കങ്ങൾ നടത്തിവരുന്നു. രണ്ട് റേഡിയോ കോളർ സർവ്വീസിംഗ് നടത്തുകയും, എലിഫന്റ് ക്രാൾ നിർമ്മാണം നടന്നു വരികയുമാണ്. പ്രസ്തുത മേഖലയിലെ മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനായി ഹ്രസ്വകാല പരിഹാര മാർഗ്ഗങ്ങളും, ദീർഘകാല പരിഹാര മാർഗ്ഗങ്ങളും ആവിഷ്കരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ